# ടെക് മ V.2

ലിറ്റിൽ കൈറ്റ്സ്

## ഡിജിറ്റൽ മാഗസിൻ

ജി.എച്ച്. എസ്.എസ്. ചുണ്ടമ്പറ്റ

# ടെക്മ v.2

## ഡിജിറ്റൽ മാഗസിൻ

## ഉള്ളടക്കം


പ്രസാധക വേദി .

സന്ദേശം

സമർപ്പണം

എഡിറ്റോറിയല്

ഗൂഗ്ള് (ലേഖനം)

ലിററിൽ കൈററിന് വേണ്ടി

അശാന്തി തൻ ഗീതം (കവിത)

2020 ജനുവരി

ലൈഫ് ഈസ് ബ്യൂട്ടിഫുൾ

സ്ത്രീ - കവിത

രാഷ്ട്രീയം

വിദ്യാലയം

നീയും ഞാനും

പ്ലാസ്റ്റിക്

വെളിച്ചത്തിന് വിരലുകൾ

ആസ്വാദനക്കുറിപ്പ്

ഓർമ്മയിൽ നിന്ന്

ഓർമ്മകൾക്കെന്തു സുഗന്ധം

മാഗസിനും വിദ്യാഭ്യാസവും

ടിൻറുമോൻ

കുറ്റസമ്മതം

കവിത

വിവരസാങ്കേതികവിദ്യ (ലേഖനം)

സോഷ്യൽ മീഡിയ

ഇൻസ്റ്റഗ്രാം

കുഞ്ഞു വരകൾ

കാരിക്കേച്ചർ

പുതുതലമുറ

ഗ്യാലറി

വിദ്യാ ദീപം

നൈതികം

# ടെക്മ v.2

## സാങ്കേതികലോകത്തെ

## കൊച്ചുവർത്തമാനങ്ങൾ

ഐടി ക്ലബ്ബ് പുറത്തിറക്കുന്ന

ഡിജിറ്റൽ മാഗസിൻ

ടെക്മ v.2

ഡിജിറ്റൽ മാഗസിൻ

പ്രസാധക വേദി .

**മിഥുൻ ടി. പി**

**അർഷദ് ഇ**

**അൻഷിഫ്**

**ദിൽഷാന**

**മുഹ്സില ഷെറിൻ**

പത്രാധിപസമിതി.

ശ്രീ. മണികണ്ഠ രാജൻ കെ . (ഹെഡ് മാസ്റ്റർ)

ശ്രീ. പി അനിൽകുമാർ (എസ് ഐ ടി സി.)

ശ്രീ. വി പി സിദ്ദീഖ്. (ലിറ്റിൽ കൈറ്റ് മാസ്റ്റർ)

ശ്രീമതി. രമണി പി പി (ലിറ്റിൽ കൈറ്റ് മിസ്ട്രസ്)

ശ്രീ. മനോജ് എ.ആർ (ജോയിൻറ് എസ് ഐ ടി സി)

നിർദ്ദേശം

സ്റ്റാഫ്

---

**ടെക്മ v.2**

ഡിജിറ്റൽ മാഗസിൻ

## സന്ദേശം

ആധുനിക സാങ്കേതികവിദ്യ
അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത്
പഠനത്തിലും, അധ്യാപനത്തിലും കൂടി ഇവയുടെ
സാധ്യതകൾ പ്രയോജനപ്പെടുത്തുക
എന്ന ലക്ഷ്യത്തോടെ
നമ്മുടെ സംസ്ഥാന സർക്കാർ
സംസ്ഥാനത്തുടനീളം നടപ്പാക്കിക്കൊണ്ടിരിക്കുന്ന
പദ്ധതിയാണ് ഹൈടെക് വിദ്യാലയം.
ഈ പദ്ധതിയുടെ ഭാഗമായി അധ്യാപകർക്ക്
മാത്രമല്ല വിദ്യാർഥികൾക്കും പരിശീലനം നൽകുന്നു
എന്നത് ഏറെ പ്രാധാന്യമർഹിക്കുന്നതാണ്'.
ലിറ്റിൽ കൈറ്റ്സ്'' എന്ന
നമ്മുടെ കുട്ടികളുടെ ഐടി കൂട്ടായ്മ
പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ 'ടെക്മ v.2'
വരുംനാളുകളിൽ അവർക്ക് ശക്തി പകരുന്നതാകട്ടെ...

ശ്രീ. മണികണ്ഠ രാജൻ കെ
ഹെഡ്മാസ്റ്റർ

സമർപ്പണം

ജി.എച്ച്. എസ്.എസ്. ചുണ്ടമ്പറ്റ

INFORMATION TECHNOLOGY HAS BEEN ONE OF THE LEADING DRIVERS OF GLOBALIZATION. AND IT MAY ALSO BECOME ONE OF ITS MAJOR VICTIMS...

EVGENY MOROZO

ടെക്മ v.2

ഡിജിറ്റൽ മാഗസിൻ

എഡിറ്റോറിയൽ

## സാങ്കേതികവിദ്യ രക്ഷകനോ ശിക്ഷകനോ

ആധുനിക സാങ്കേതികവിദ്യയുടെ ചിറകിലേറി ലോകം അതിവേഗം കുതിച്ചു കൊണ്ടിരിക്കുകയാണ്. അപരിഷ്കൃതരായി ഒരിക്കൽ കഴിഞ്ഞിരുന്ന മനുഷ്യൻ സർഗശേഷി കൊണ്ടാണ് ഈ നേട്ടങ്ങളെല്ലാം കൈവരിച്ചിട്ടുള്ളത്. കണ്ണഞ്ചിപ്പിക്കുന്ന ഈ പുരോഗതി ഇത്ര വേഗത്തിലാക്കിയത് സാങ്കേതികവിദ്യ തന്നെയെന്നതിൽ തർക്കമില്ല. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ എന്താണ് കണ്ടുപിടിക്കുക എന്നത് പ്രവചിക്കാൻ കഴിയില്ല എന്ന് ഒരു പ്രശസ്തനായ ശാസ്ത്രജ്ഞൻ ഈയിടെ പറയുകയുണ്ടായി .

ഐസി ചിപ്പുകളുടെ കണ്ടുപിടുത്തം ഉപകരണങ്ങളുടെ വലിപ്പത്തിലും ഗുണത്തിലും പ്രകടമായ കുറവുവരുത്താൻ സഹായിച്ചപ്പോൾ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ഉപകരണങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രവചിക്കാൻ പോലും അസാധ്യമായ മാനങ്ങൾ നൽകി. വരാൻപോകുന്ന നാനോടെക്നോളജിയുടെ ലോകം ഇതുവരെയുള്ള എല്ലാറ്റിനെയും മാറ്റിമറിക്കാൻ കെല്പ്പുള്ളതു കൂടിയാണ്. മനുഷ്യപ്രയത്നങ്ങൾ എളുപ്പമാക്കുക എന്നതാണ് ഓരോ കണ്ടുപിടുത്തങ്ങളുടെയും പുറകിലുള്ളത് .സാങ്കേതികവിദ്യയുടെ വരവ് ഇത് കൂടുതൽ അനായാസമാക്കി .കണ്ടുപിടുത്തങ്ങളെ തെറ്റായ വഴികളിലൂടെ കൊണ്ടുനടക്കാൻ ശ്രമിക്കുക ബുദ്ധി വികലമായ ചിലരുടെ പതിവാണ്. സാങ്കേതികവിദ്യയുടെ നേട്ടങ്ങളും പലപ്പോഴും തെറ്റായ കാര്യങ്ങൾക്ക് ഇന്ന് ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. വിവരങ്ങൾ പങ്കു വയ്ക്കാനുള്ള നവമാധ്യമങ്ങൾ മുതൽ ആകാശത്തേക്കു പറഞ്ഞയക്കുന്ന ഉപഗ്രഹങ്ങൾ വരെ ദുരുപയോഗം ചെയ്യപ്പെടുന്നു എന്നത് ഖേദകരമാണ്. ഇത് അനുവദിച്ചുകൂടാ. ലോകത്തിലെ എല്ലാ മനുഷ്യരുടെയും ദാരിദ്ര്യം മാറ്റാനും ജീവിതനിലവാരം ഉയർത്താനും വിജ്ഞാനസമ്പാദനം മികച്ചതാക്കാനും കഴിയുമാറ് വിവരസാങ്കേതികവിദ്യ നേരായ ദിശയിലേക്ക് നയിക്കാൻ നമുക്ക് കഴിയും എന്ന ശുഭാപ്തിവിശ്വാസം നമുക്കുണ്ടാകണം.

അനിൽകുമാർ പി.

എസ് ഐ ടി സി



## കൈറ്റ്

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സർക്കാർ കമ്പനിയാണ് കൈറ്റ് (പൂർണ്ണനാമം:കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ). പൊതുവിദ്യാഭ്യാസ വകുപ്പിനു കിഴിലെ ആദ്യത്തെ സർക്കാർ കമ്പനിയാണിത്. പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഭാഗമായ ഐ.ടി@സ്കൂൾ പ്രോജക്റ്റ് ആണ് കൈറ്റ് ആയി മാറിയത്. അടിസ്ഥാന വികസന പ്രവർത്തനങ്ങൾകൂടി ലക്ഷ്യമിടുന്ന കൈറ്റിന്റെ പ്രവർത്തനമേഖല കമ്പനി രൂപീകരണത്തോടെ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്കും വ്യാപിപ്പിച്ചു. നവകേരള മിഷൻ തുടങ്ങിയശേഷം രൂപീകൃതമാകുന്ന ആദ്യത്തെ പ്രത്യേക ഉദ്ദേശ്യ കമ്പനിയും 'കൈറ്റ്' ആണ്. ഒരു സെക്ഷൻ 8 കമ്പനിയായാണ് കൈറ്റ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 2001 ലാണ് ഐടി@സ്കൂൾ പ്രോജക്റ്റ് രൂപീകരിച്ചത്. 2005 ൽ പത്താംക്ളാസിൽ ഐടി പാഠ്യവിഷയമായതും എഡ്യൂസാറ്റ് സംവിധാനവും ബ്രോഡ്ബാൻഡ് ഇൻറർനെറ്റ് നടപ്പാക്കിയതും ഐടി@സ്കൂളിനെ ശ്രദ്ധേയമാക്കി. 2008 എസ്എസ്എൽസി പരീക്ഷ പൂർണമായും സ്വതന്ത്രസോഫ്റ്റ്വെയറിലേക്കുമാറി

## ഹൈടെക് സ്കൂൾ

നവകേരള മിഷന കീഴിലുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്കുയർത്തുന്നതിനായി 8 മുതൽ 12 വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഏകദേശം 45000 ക്ലാസ്മുറികൾ ഹൈടെക് നിലവാരത്തിലെത്തിക്കുന്നതിനുള്ള പദ്ധതിയാണ് ഹൈടെക് സ്കൂൾ. ഈ പദ്ധതി വഴി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ഓരോ ക്ലാസ്മുറിയിലും ഒരു ലാപ്ടോപ്പും മൾട്ടീമീഡിയ പ്രൊജക്റ്ററും വൈറ്റ് ബോർഡും ശബ്ദസംവിധാനവും വിതരണം ചെയ്തിട്ടുണ്ട്. പ്രവർത്തനങ്ങളുടെ നിർവഹണങ്ങളുടെ ആദ്യഘട്ടം പൈലറ്റ് പദ്ധതിയായി 2016 സെപ്റ്റംബർ മുതൽ ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് നിയോജകമണ്ഡലങ്ങളിൽ നടത്തുകയുണ്ടായി. ഡിജിറ്റൽ ഇന്ററാക്ടീവ് പാഠപുസ്തകം, എല്ലാ വിഷയങ്ങളുടെയും പാഠ്യപഠനത്തിനു സഹയാകമാകുന്ന ഡിജിറ്റൽ ഉള്ളടക്ക ശേഖരം, എല്ലാവർക്കും മുഴുവൻ സമയപഠനാന്തരീക്ഷം ഉറപ്പാക്കുന്ന സമഗ്രപോർട്ടൽ, ഇ ലേണിങ് ,എം ലേണിങ്/ലേണിങ് മാനേജ്മെന്റ് സംവിധാനം, മൂല്യനിർണയ സംവിധാനങ്ങൾ തുടങ്ങിയവയും ഹൈടെക് സ്കൂളിന്റെ ഭാഗമായി നടപ്പിലാക്കുന്നവയാണ്.




**പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ധനകാര്യമന്ത്രി ടി.എം. തോമസ് ഐസക് നിർവഹിക്കുന്നു**

**പി.ആർ.പി. 377........26/04/2018**

SAMAGRA

## സമഗ്ര ഇ പോർട്ടൽ

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ക്ലാസ്മുറികളിൽ 1 മുതൽ 12 വരെ ക്ലാസുകളിലെ പഠനത്തിനാവശ്യമായ റിസോഴ്സുകൾ ഉൾപ്പെടുത്തിക്കൊണ്ട് കൈറ്റ്, സമഗ്ര എന്ന പേരിൽ ഒരു ഇ - പോർട്ടൽ വികസിപ്പിക്കുകയുണ്ടായി. ഈ പോർട്ടലിൽ ഇ - റിസോഴ്സസുകളും പാഠപുസ്തകങ്ങളും ചോദ്യ ശേഖരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ ഇവ ലഭ്യമാണ്.

ലിററിൽ കൈററിന് വേണ്ടി **....**കൈറ്റ് മാസ്റ്റർ

Google

ഇൻറർനെറ്റ് എന്ന് കേൾക്കുമ്പോൾ ആദ്യമായി നമ്മുടെ മനസ്സിലേക്ക് ഓടിവരുന്നത് ഗൂഗിൾ എന്ന സാങ്കേതിക സൗകര്യമാണ്. ഇൻറർനെറ്റ് എന്ന മഹാ ലോകത്തെ എക്കാലത്തെയും വലിയ സാമ്രാജ്യമായി ഗൂഗിൾ അധീശത്വം തുടരുന്നുവെന്നതാണ് അതിൻറെ വൈവിധ്യം. ഇൻറർനെറ്റ് എന്ന വിവരങ്ങളുടെ മഹാ സഞ്ചയത്തിൽ നിന്നും നമുക്ക് ആവശ്യമുള്ള വിവരങ്ങൾ അന്വേഷിച്ച് കണ്ടെത്തി നമുക്ക് ലഭ്യമാക്കുക എന്നതാണ് ഗൂഗിളിന്റെ പൊതുവായ ധർമ്മം. ഇത്തരം ധർമ്മങ്ങൾ നിർവ്വഹിക്കുന്ന അനേകം സേർച്ച് എഞ്ചിനുകളിൽ ഒന്നു മാത്രമാണ് ഗൂഗിൾ. സാധാരണ വെബ്സൈറ്റുകളെ അപേക്ഷിച്ച് മികച്ചതും വേഗതയേറിയതും കൃത്യതയുള്ളതുമായ സേവനം ലഭ്യമാക്കാൻ കഴിയുന്ന വെബ്സൈറ്റുകൾ ആണിവ. ധാരാളം പ്രത്യേകതകളുള്ള ഈ സെർച്ച് എഞ്ചിൻ തന്നെയാണ് ലോകത്തെ ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്നത് എന്നത് ഇതിൻറെ മേന്മയെ സൂചിപ്പിക്കുന്നു.

അപ്രതീക്ഷിതമായ ഒരു അക്ഷരപ്പിശകിൽനിന്നും പിറവിയെടുത്തതാണ് ഗൂഗിൾ എന്ന പദം. ഒന്നിനു ശേഷം നൂറു പൂജ്യങ്ങൾ വരുന്ന സംഖ്യയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഗൂഗൾ(googol) എന്ന പദം സെർച്ച് എൻജിന്റെ പേരാക്കാനായിരുന്നു സ്ഥാപകരുടെ ലക്ഷ്യം. അമേരിക്കൻ ഗണിത ശാസ്ത്രജ്ഞനായ എഡ്വേഡ് കാസ്നറുടെ അനന്തരവൻ ഒൻപതു വയസുകാരൻ മിൽട്ടൺ സൈറോറ്റയാണ് 1938ൽ ആദ്യമായി ഗൂഗൾ എന്ന പദം ഉപയോഗിച്ചത്. ഗണിത ശാസ്ത്രജ്ഞരുടെ ഇടയിൽ പ്രചരിച്ചിരുന്ന ഈ പദം തന്നെ തങ്ങളുടെ സെർച്ച് എൻജിനു പേരായി നൽകാം എന്നായിരുന്നു ഗൂഗിളിന്റെ പിറവിക്കു പിന്നിൽ പ്രവർത്തിച്ചവരുടെ ചിന്ത. എണ്ണിയാലൊടുങ്ങാത്ത വിവരങ്ങൾ ഈ സെർച്ച് എൻജിനിൽ ലഭ്യമാകും എന്ന സന്ദേശമായിരുന്നു വിവക്ഷ. എന്നാൽ അവർ എഴുതിയത് അക്ഷരപ്പിശകോടെയായെന്നു മാത്രം. അങ്ങനെ ഗൂഗളിനു പകരം ഗൂഗിൾ(google) ആയി മാറി.

വി.പി സിദ്ദീഖ്.

കൈറ്റ് മാസ്റ്റർ

# അശാന്തി തൻ ഗീതം

മനുഷ്യരാശിയിൽ
ചിന്തുന്ന രക്തവും
പൊടിയുന്ന ജീവനും ദുഃഖമില്ല ..
ചിന്തിക്കുവാൻ പോലും
ശേഷിയില്ലാത്തവർ
ഇന്നീ ലോകത്ത് മിച്ചമത്രേ...
ഹിംസിക്കുവാനായി
ഉയരുന്ന കൈകളിൽ
സാന്ത്വനത്തിൻ പ്രതീകം മാഞ്ഞിരിന്നു...
ജനതയിൽ ഉയരുന്ന
പാപത്തിൻ കറകൾ
മായിക്കുവാൻ സമുദ്രം തൻ
ജലം പോലും തികയില്ല ...
കരളിലെ ചോര പാലായി
ഊട്ടുന്ന അമ്മയോടില്ല സഹതാപം.
പറവകൾ ശാന്തിതൻ
ദ്വീപ് തേടി അലയുന്നു
മൂകമായി സാക്ഷി കൊള്ളുന്നു ദൈവം.

സി.പി.എ

## 2020 ജനുവരി

എന്തു ഞാൻ എഴുതേണ്ടു
എങ്ങനെയെഴുതേണ്ടു
എവിടെയാണെഴുതേണ്ടു
ആർക്കു ഞാൻ എഴുതേണം
ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ വരി വന്നപോലെ പോം .
തന്നതില്ല പരനുള്ളുകാട്ടുവാ
നൊന്നുമേ നരനുപായമീശ്വരൻ .
തഴുകി ഇല്ലേലും തള്ളാതിരിക്കുക.
പാരമുണ്ടു പരിഭവമെങ്കിലും
കൺ തുറന്നൊന്നു നോക്കുക .
പുറംമോടിയിൽ ഭ്രമിക്കുന്നവരാണ് നിങ്ങൾ ?
എങ്കിൽ നിങ്ങൾക്കു പോകാം .
നിങ്ങൾക്കു തൃപ്തിപ്പെടാൻ
ഈ വരികളിൽ ഒന്നുമില്ല
ഇനി തുടങ്ങാം .

അന്ന്

'സ്നേഹമാണഖിലസാരമൂഴിയിൽ',

'പരോപകാരമേ പുണ്യം',

'അവനവനാത്മസുഖത്തിനായാചരിക്കുന്നവ-
യപരനുസുഖത്തിനായി വരേണം',

'ഉള്ളവൻ ഇല്ലാത്തവന് കൊടുക്കണം'.

ഇന്ന്

'ദ്രോഹമാണ് അഖിലസാരമൂഴിയിൽ',

'പരദ്രോഹമേ പുണ്യം' .

'അവനവനാത്മസുഖത്തിനായചരിക്കുന്നവ-
യപരനസുഖത്തിനായി വരേണം',

'ഉള്ളവന് എന്നും ഉണ്ടായിരിക്കാൻ  ഇല്ലാത്തവന്
ഒന്നും കൊടുക്കാതിരിക്കണം'.

സി.പി.എ

# Life is Beautiful

പരിഗണനയ്ക്കർഹരല്ലെങ്കിലും,
അവഗണിക്കാതിരിക്കുന്നതാണ് നല്ലത്.

നമ്മെ മറ്റുള്ളവർ അവഹേളിക്കുമ്പോൾ ഉണ്ടാകുന്ന വേദന തന്നെയാണ് നാം മറ്റുള്ളവരെ അവഹേളിക്കുമ്പോൾ അവരും അനുഭവിക്കുന്നത്.

സ്നേഹിക്കുന്നവൻ മാത്രമല്ല സ്നേഹിക്കപ്പെടുന്നവനും സ്നേഹത്തിൻറെ വില അറിയണം.
മുളയിലേ നുള്ളി നശിപ്പിക്കാതിരിക്കുക മുരടിച്ചു പോകാതിരിക്കാൻ തക്കസമയത്ത് വളവും വെള്ളവും നൽകി പ്രോത്സാഹിപ്പിക്കുക.
പരിഗണിക്കേണ്ടവരെ അവഗണിക്കരുത് അവഗണിക്കേണ്ട വരെ അവഗണിക്കണമെന്നില്ല.
അത്തരക്കാർക്ക് പ്രതീക്ഷ നൽകൂ.
കാരണം അവഗണിക്കപ്പെടാനായി ആരും ഇവിടെ ജനിച്ചിട്ടില്ല.

ഉണ്ടെന്ന് വെച്ച് ധൂർത്തടിക്കരുത്. പൊങ്ങച്ചവും വേണ്ട. ഇല്ലെന്നു കരുതി അമിതമായി അന്യരെ ചൂഷണം ചെയ്യുന്നതും നല്ലതല്ല. ഉപദേശിക്കുന്നതും വരാവുന്ന അപകടത്തെ കുറിച്ച് മുന്നറിയിപ്പ് നൽകുന്നതും നല്ലതുതന്നെ. വിമർശനങ്ങളുടെ മുതലാളിമാർ മഹാ മടിയന്മാരാണ് അവർ ആര് എന്ത് ചെയ്താലും കുറ്റം മാത്രമേ കണ്ടെത്താൻ ശ്രമിക്കൂ .

അവരെ പേടിച്ച് ഉത്സാഹികളായവർ ഒന്നും ചെയ്യാതിരുന്നാൽ ലോകഗതി എന്താവും ?

എന്തുകാര്യവും പ്രത്യക്ഷമായി പറയുകയാണ് പരോക്ഷമായി പറയുന്നതിനേക്കാൾ നല്ലത് .
അതിനു നല്ല ഭാഷയും നല്ല മാർഗവും ഉണ്ട് .

എന്താണ് സ്വാതന്ത്ര്യം?
എത്രയാണ് അതിൻറെ മൂല്യം ? എവിടെയാണ്?...

ആരിലാണ്? എങ്ങനെയാണ് അത്
ഉപയോഗിക്കേണ്ടത് ?

എൻറെ സ്വാതന്ത്ര്യമെന്നത് മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ അംഗീകരിക്കലാണ്. അന്യരുടെ സ്വാതന്ത്ര്യത്തിൽ കടന്നുകയറ്റം നടത്തുമ്പോൾ സ്വാതന്ത്ര്യത്തിന്റെ യഥാർഥ മൂല്യം നഷ്ടപ്പെടുന്നു. അംഗീകരിക്കുമ്പോൾ സത്യത്തിൽ നാം തന്നെയാണ് അംഗീകരിക്കപ്പെടുന്നത് .

ഉറങ്ങുവാൻ അല്ല ഉണരുവാൻ ആണ് പ്രയാസം. ആയതുകൊണ്ട് പ്രയാസമുള്ളത് ആദ്യം ചെയ്യുക. എളുപ്പമുള്ളത് പിന്നീട് ആകട്ടെ. പലരും കൂടിയാൽ പാമ്പ് ചാവില്ല ; എങ്കിലും ചിലർ ചേർന്നാൽ ചിലതൊക്കെ നടക്കും.

ഈ ലോകത്ത് കൊള്ളാവുന്നവരാരൊക്കെ?
തള്ളിക്കളയാവുന്നവർ ആരൊക്കെ ?

കൊള്ളാവുന്നവരുടെ ഗുണഗണങ്ങൾ എന്തെല്ലാം. കൊള്ളാവുന്നരുടെ പോരായ്മകൾ എന്തെല്ലാം. എല്ലാം ദൈവം കൃത്യനിഷ്ഠയോടെ സത്യസന്ധതയോടെ ...ആർക്ക് തിട്ടപ്പെടുത്താൻ പ്രിയ സഹോദരാ, നീ നിന്റെ കോട്ടങ്ങൾ എന്തെന്ന് കണ്ടെത്തുക. നിൻറെ നേട്ടങ്ങൾക്കടിസ്ഥാനം കോട്ടങ്ങളാണ്. കോട്ടങ്ങൾ അറിഞ്ഞ് അവ നിർമ്മാർജ്ജനം ചെയ്യുമ്പോൾ വലിയ നേട്ടങ്ങൾക്ക് പാത്രമാവും. ഓർക്കുക ! സന്തോഷിച്ച ശക്തിപ്രാപിക്കൂ. അത് നിൻറെ തകർച്ചക്ക് കാരണമാകും...

സി.പി.എ

# സ്ത്രീ

നീ സ്ത്രീ
സർവ്വ സുഗന്ധിയാം
സൗന്ദര്യരൂപിണി
നീറുന്ന നോവിലും
സ്നേഹം വിടർത്തുന്ന
നിൻ വിധിയിതെത്ര ദുഃഖം...! !

നീ സ്ത്രീ
സ്ത്രീയായി ജന്മമെടുത്തൊരു ശക്തി
നീ , കരയുവാനല്ല;
ഉണരുക ,
ഉണർത്തുക നീ സ്വയം.
അറിയാമെനിക്കു നീ മൃദുലയാണ്
പാപ ഭാരം വഹിക്കുന്നൊരബലയാണ്
ഗർഭം ചുമക്കുന്നൊരമ്മയാണ്
മഹിത ചരിതം രചിച്ചൊരു ദേവിയാണ്..
സർവ്വം ത്യജിച്ച നീ കാത്തോരുസജ്ജനം,
പാടേ തിരിഞ്ഞു പോയ് ദുർമാർഗ്ഗ പാതയിൽ.
പെറ്റിട്ടൊരമ്മയും ,തൻ കുഞ്ഞു പെങ്ങളും ,
അന്യരായ് തീരുന്നു ക്രൂരമാം കൈകളിൽ.
മാറുന്ന കാലം മാറ്റുന്നു സർവ്വതും
ഇനി ഏവർക്കും എവിടെയും അന്ധകാരം. .
ബലിഷ്ഠ കരങ്ങളെ ,
നിങ്ങൾ ഓർക്കുക..
ശിരസ്സാൽ  നമിക്കുക...
നിസതുല്യരാം
ഈസ്ത്രീ ജനത്തെ..

വി പി എസ്

# രാഷ്ട്രീയം

ഉയർന്നിതാ ഉയരത്തിൽ ഉയരത്തിൽ
പലതരം വർണ്ണങ്ങൾ
പച്ചയും ,മഞ്ഞയും ,നീലയും, ചുവപ്പുമായി
പലതരം വർണ്ണത്തിലുള്ള കൊടികൾ
ഇത്തിരി പോന്നൊരു  കൊച്ചു നാട്ടിലുണ്ട്
വേറെ ഏറെ വലച്ചീടുവാൻ
പരസ്പരം കണ്ടാൽ വെട്ടായി കുത്തായി
തമ്മിൽ തല്ലി ചാവുന്നിവർ
കസേരയ്ക്കായി പിടിവലി കൂടുന്നു
കിട്ടിയാൽ പിന്നെ കേമമായി
ചക്കരക്കുടത്തിൽ കയ്യിട്ടു നക്കുന്നു
മുക്കുന്നു കാശു പറ്റിക്കുന്നു ,
നന്നായി പറ്റിക്കുക .
പറ്റിക്കുകിൽ അവനാണ് മന്ത്രി
പിന്നീടുയരത്തിലെത്തിടിന്നോൻ
പാവമീ അണികൾ വെട്ടുന്നു ചാവുന്നു
എന്തിനെന്നു പോലുമറിഞ്ഞിടാതെ.
രാഷ്ട്രീയം ആണത്രേ രാഷ്ട്രീയം
പറയാൻ പോയാൽ പുലിവപുലിവാലാണേ.



# വിദ്യാലയം

വിദ്യ പഠിപ്പിക്കുന്നിടം വിദ്യാലയമായാൽ
പോകുന്നിടത്തെല്ലാം വിദ്യാലയം.
എന്തു പഠിക്കുന്നു
എന്ത് പഠിപ്പിക്കുന്നു
നാം എന്ത് മനസ്സിലാക്കുന്നു എന്നതാ കാര്യം.
വിദ്യാലയം വീടായാൽ
മാതാപിതാക്കളധ്യാപകർ
എന്നപോൽ ചിന്തിക്ക നീ ബാലകാ
അനുസരിക്കണം , ബഹുമാന ബോധത്തോടെ
അറിവു നീ നേടണം. അച്ചടക്കത്തോടെ
സ്നേഹിക്കണം കുടുംബം പോലെ
ചില ക്ലാസുകൾ താരാട്ടുപാട്ടു പോലെ,
ഉരസുന്നു മൂളിപ്പാട്ടു പോലെ,
ക്ലാസിലെ സ്വപ്ന ജാലകത്തിലായ് പാടുന്നു

ബാലകാ ശ്രദ്ധിക്കുക നീ,
കൂട്ടിനായി നിൻറെ കൂട്ടുകാരും .
ചിലപ്പോൾ ഗുരുക്കന്മാരും
ഗുരുവതില്ലാതായാൽ പിന്നെ
കാക്കക്കൂട്ടിൽ കല്ലിട്ട പോലെ.
സംഗീതമായി പിന്നെ കഥകളായ് മാറി
ഡസ്കിലെ താള വിസ്മയങ്ങൾ.
മുതിർന്നവരുടെ ദുരാഗ്രഹങ്ങൾ ഓരോന്നായി
ഞാനുര ചെയ്യുന്നു കേൾക്ക നീ സോദരാ,
മൂത്തവരെ കണ്ടു പഠിക്കുന്നു ബാലൻ
ബാല്യം നശിപ്പിക്കും കമ്പ്യൂട്ടറും ഇൻറർനെറ്റും
അതിനുപുറമേ ലഹരിയും  മറ്റും
എല്ലാം തന്നെ വിപത്തുക്കളാം.
പഠിക്കാനും വയ്യ കളിക്കാനും വയ്യ ആകമാനം
കുഴി മടിയിലാണ് തൻ പിഞ്ചുബാലൻ
വിദ്യാലയ മേന്മയും നശിക്കുന്നു
അധ്യാപകരും കുട്ടികൾപോൽ
തരമില്ലാത്ത പ്രവർത്തനം
വിദ്യ തരുമ്പോൾ ശ്രദ്ധയില്ലാ ചിലർ
വിദ്യക്ക് അടുക്കാതെ നിദ്രയിൽ ആഴ്ന്ന
ചിലർ എത്രയും ദുഃഖം ഈ പ്രവർത്തനം
എങ്കിലും ചെയ്യുന്നു ഭൂമി മാതാവിൻ മക്കൾ.

## നീയും ഞാനും

മഞ്ഞിനും വെയിലിനുമിടയിലെ
നനുത്ത പുലരിയാകണം,
നിന്റെ ഓർമ്മകൾ.....
കുളിരാർന്ന പുലരിയിലെ
പനിനീർ പൂവാകണം നീ...
ഞാനിതിലെ മഞ്ഞുതുള്ളിയും!
വെയിലേറ്റുരുകിയൊലിച്ചിറങ്ങണം
എനിക്കീ മണ്ണിൽ.
എന്നേപ്പോലെ നീയും ഏകനാകണം.
ഓർമ്മകളിൽ നിന്റെ കണ്ണുകളും നീരണിയണം
ഇതളുകളടർന്ന് നീ  എന്നിലലിയണം

പാതി വഴിയിൽ
തനിച്ചാക്കിയതും
പറന്നകന്നതും
നീ തന്നെയാണ്
പിന്നീട് പകലന്തി മാനത്ത്
പരിഭവം പറയാനായ്
പതുങ്ങിയിരിക്കുന്നതെന്തിനാണ്




**അച്ചനു    കെ.കെ.ജെ**

## അതിരുകൾ

എന്റെ ആകാശത്തിനിന്ന്
അതിരുകൾ ഉണ്ട്
എന്റെ സ്വപ്നങ്ങളുടെ ചിറകുകൾ
ആ അതിരുകളിൽ പലപ്പോഴും
തട്ടി ഉടയാറുണ്ട്.
എന്റെ സ്വത്വം പലപ്പോഴും
ഒരു നിഴൽ മാത്രം ആകാറുണ്ട്
എന്റെ വാക്കുകൾ അലകടൽ
ഇരമ്പലിൽ മുങ്ങാറുണ്ട്.
എന്റെ പ്രതിഷേധങ്ങൾ
വായിക്കപ്പെടുന്നത് 'സ്വൈരം ഇല്ലായ്മ' എന്നാണ്.

സത്യത്തിൽ മനസ്സ് വായിക്കാൻ , അറിയാൻ വല്ല വഴിയും ....?
നിസ്സഹായത , പരാജയം , അവഗണന
എന്തിനുവേണ്ടി...? ഒറ്റപ്പെടാതിരിക്കാൻ ,
ഒറ്റക്കാകാതിരിക്കാൻ
ഒരു താരാട്ട്.
ഒരു മന്ത്രം പിന്നെ ഇരുട്ടിൻെറ ഏകാന്തതയിലെ
കനത്ത ഭയത്തിൽ പിടിക്കാൻ ഒരു മനസ്സ്...
വയ്യ...
അതിരുകളില്ലാത്ത ആകാശം
അതിലൊരു പഞ്ചവർണ്ണക്കിളി
നിന്നിൽ ഭദ്രം പ്രിയനേ
നിന്നിഷ്ടമാണെന്റെയും
നിന്റെ കരുതലിൻ കാവലിൽ
ഞാനുറങ്ങട്ടെ സ്വസ്ഥം.

ഫാത്തിമ ടീച്ചർ


രക്ഷപ്പെട്ടു
എന്ന് കരുതണ്ട..
ഞാൻ നിങ്ങൾക്കൊപ്പം
എന്നും ഉണ്ടാവും
ഹും

ആസ്വാദനക്കുറിപ്പ്

## വെളിച്ചത്തിൻെറ വിരലുകൾ

ഉറൂബ് എന്ന എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന പി സി കുട്ടികൃഷ്ണൻെറ പ്രശസ്തമായ നോവലാണ് ഉമ്മാച്ചു. നീറുന്ന ഒരുപാട് ജീവിതങ്ങളിലൂടെ ഈ നോവൽ സഞ്ചരിക്കുന്നുണ്ട് .ഈ നോവലിലെ ഹൃദയസ്പർശിയായ ഒരു ഭാഗമാണ്. വെളിച്ചത്തിലെ വിരലുകൾ എന്ന പേരിൽ പാഠഭാഗത്ത് പ്രതിപാദിക്കുന്നത് .
തൻറെ പ്രാണസഖിപ്രാണസഖിയെ തൻെറ ജീവിതത്തിലേക്ക് കൊണ്ടുവരാനായി താൻ ചെയ്ത ഒരു ക്രൂര കൊലപാതകത്തിൽ നീറുകയും പശ്ചാത്തപിക്കുകയും ചെയ്യുകയാണ് മായൻ . ഇതിനായി സ്വന്തം കുടുംബത്തെ പോലും വിട്ടു പിരിയേണ്ടി വന്നു അയാൾക്ക് .സ്വന്തം മകനെ അവസാനമായി കാണുന്ന സന്ദർഭത്തിലാണ് കഥാഭാഗം തുടരുന്നത് . ജീവിതം അവസാനിപ്പിക്കുവാൻ തീരുമാനിച്ച് അവസാനമായി സ്വന്തം മകനെ കാണുന്ന ദുഃഖത്തിലാണ്. യാത്രയിൽ മകനും കുടുംബവും ഇനി ഒരിക്കലും ഉണ്ടാവുകയില്ല എന്ന സത്യം മനസ്സിലാക്കി മനസ്സിലുറപ്പിച്ചു വേദനയിൽ അലിയുന്ന മായൻെറ മനസ്സ് ഹസ്സൻ എന്ന നിഷ്കളങ്കതയുടെയും ദയയുടെയും ആൾരൂപം ആശ്വസിപ്പിക്കുന്നു ഒരു പ്രധാന കഥാപാത്രമാണ് ഹസ്സൻ .

ജീവിതാനുഭവങ്ങളുടെ കുറവുമൂലം ആമിന എന്ന സാധു പെൺകുട്ടിയുടെ ജീവിതം തകർന്ന അവസരത്തിൽ അന്ധകാരത്തിലേക്ക് ഒത്തുചേർന്നു നിലാവെളിച്ചം പകർന്നുകൊടുത്ത ഹസ്സൻ മായനെ പോലെ താൻ ചെയ്ത ഒരു തെറ്റിൽ ആണ് ആമിനയുടെ ജീവിതം അവസാനഘട്ടത്തിൽ എത്തിയത്. ജീവിതമെന്ന സാഗരത്തിൽ ഒരു കുഞ്ഞിനെ ഉദരത്തിൽ ഏറി ഇനിയെന്ത് എന്ന ചോദ്യവും മുന്നിൽകണ്ടുകൊണ്ട് നിന്ന് ആമിനയെ സമൂഹത്തിൻറെ എതിർപ്പുകൾ എല്ലാം നിസ്സാരമാക്കി ഹസ്സൻ ജീവിതത്തിലേക്ക് ക്ഷണിക്കുന്നു . ആദ്യം ഒരു സംരക്ഷണ ബോധം മാത്രം കാണിച്ചിരുന്ന ഹസ്സൻ അവൾ തന്നെയാണ് തൻറെ ജീവിതപങ്കാളി എന്ന് മനസ്സിലാക്കുന്നു. തൻറെ രക്തത്തിൽ പിറക്കാത്ത ഒരു കുഞ്ഞിനെ പിതാവ് എന്ന് സ്ഥാനത്തിലും സ്നേഹത്തിലും സ്വന്തം കുഞ്ഞായി വളർത്താൻ ഹസൻ കാണിക്കുന്ന ആ മനസ്സ് കരുണയിൽ നിന്നും ഉണ്ടായതാണ് ഇങ്ങനെ രണ്ട് ജീവിതങ്ങൾ ആയ മായയുടെയും യും ആമിനയുടെയും പരാജയമാണ് കഥാഭാഗത്ത് എന്നാൽ ഈ പരാജയത്തെ മറികടക്കാൻ മാത്രമേ സാധിച്ചുള്ളൂ മായൻെറ ജീവിതം പരീക്ഷണങ്ങൾക്ക് മുൻപിൽ അവസാനിച്ചു പോയി.

**ഓർമ്മയിൽ നിന്ന്**

മറക്കാൻ കഴിയാത്ത ഓർമ്മകളെ പറ്റി ധാരാളം മലയാളം സാഹിത്യകാരന്മാർ കവിതകളും , കഥകളും , എല്ലാം എഴുതിയിട്ടുണ്ട് ഓരോ ഓർമയും ഹൃദയത്തിൽ പതിഞ്ഞ ജീവിതചിത്രങ്ങൾ ആണ് . എനിക്കും കുട്ടിക്കാലത്ത് മറക്കാൻ കഴിയാത്ത ധാരാളം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

ഞാൻ എൽ പി സ്കൂളിൽ പഠിക്കുമ്പോൾ ഉണ്ടായ ഒരു മനോഹരമായ അനുഭവം എനിക്ക് മറക്കാൻ പറ്റാത്തതാണ്. ഞാൻ ഒന്നാം ക്ലാസിൽ പഠിക്കുമ്പോൾ സ്കൂളിൽ പോയിരുന്നത് കൂട്ടുകാരുടെ കൂടെ , കളിച്ചും രസിച്ചും അവരോടൊപ്പം . സ്കൂളിലേക്ക് ഒരുപാട് ദൂരം നടക്കാണ്ടായിരുന്നു കൂട്ടുകാർ ഉള്ളപ്പോൾ സ്കൂളിലെത്തുന്നത് അറിയില്ല .വളരെ രസകരമായ ഒരു അനുഭവമാണിത് നല്ല മഴയുള്ള സമയം അതായിരുന്നു ഞങ്ങളുടെ ജീവിതത്തിൽ തന്നെ ഏറ്റവും മനോഹരമായ സമയവും .ഞങ്ങൾ വെള്ളത്തിൽ കളിച്ച രസിച്ച സ്കൂളിൽ എത്തുമ്പോൾ തന്നെ ഒരു സമയം ആയിട്ടുണ്ടാവും. ക്ലാസ്സിൽ കയറുന്നത് തന്നെ നനഞ്ഞുകുതിർന്ന ആവും. അങ്ങനെ മഴയുടെ ശക്തി കുറഞ്ഞു. ഞങ്ങളെല്ലാവരും ക്ലാസിലാണ് ടീച്ചർ പഠിപ്പിച്ച് കൊണ്ടിരിക്കുന്നു .ഞങ്ങളുടെ ശ്രദ്ധ പുറത്തെ തേന്മാവിൽ ആണ്. അതിലെ മാങ്ങ!!. അതും തേനൂറുന്ന മാങ്ങ ഒരു മാങ്ങക്കും അതിൻറെ അത്ര രുചി ഉണ്ടാകില്ല . ഇല്ല ഞങ്ങളുടെ എല്ലാം ആണ് അതിലെ ഓരോ മാങ്ങയും. ടീച്ചർ എന്തോ ഒരു കാര്യം ബോർഡിൽ എഴുതാൻ വേണ്ടി തിരിഞ്ഞു .ഞങ്ങൾ കിട്ടിയ അവസരം പാഴാക്കിയില്ല എല്ലാവരും ടീച്ചർ കാണാതെ പുറത്തിറങ്ങി .മാങ്ങ പെറുക്കി,എല്ലാവരുടെയും കയ്യിൽ നിറയെ മാങ്ങകൾ ടീച്ചർ എഴുത്ത് കഴിഞ്ഞു തിരിഞ്ഞതും മുന്നിൽ വെറും ബെഞ്ചുകൾ മാത്രം !!.ടീച്ചർ ആകെ അത്ഭുതപ്പെട്ടു. ടീച്ചർ പുറത്തുവന്ന നോക്കി എല്ലാവരും തിരക്കിലാണ് ഞങ്ങളുടെ മുഖത്തെ സന്തോഷം കണ്ടപ്പോൾ ഞങ്ങളെ തല്ലാൻ ടീച്ചർക്ക് തോന്നിയില്ല. ഇല്ല ,ടീച്ചർക്കും സന്തോഷമായി. ടീച്ചറും ഞങ്ങളുടെ കൂടെ മാങ്ങ പെറുക്കാൻ കൂടി .അങ്ങനെ മഴക്കാലവും ഞങ്ങൾ ആസ്വദിച്ച .ഇന്നും ആ തേന്മാവ് അതുപോലെതന്നെ എന്നെ അവിടെ നിൽപ്പുണ്ട്. അതിൽ നിറയെ മാങ്ങകൾ ....

# ഓർമ്മകൾക്കെന്തു സുഗന്ധം

മനസ്സിൽ തങ്ങി നിൽക്കുന്ന ഒരു ഓർമ്മ പങ്കുവയ്ക്കുകയാണ്. ഓർമ്മകൾ എന്നും നമ്മുടെ മനസ്സിൽ മായാതെ കിടക്കും . എൻറെ മനസ്സിൽ തങ്ങിനിൽക്കുന്ന ഒരു ഓർമ്മയാണ് ഞാൻ ഇവിടെ നിങ്ങളോടൊത്ത് പങ്കുവയ്ക്കുന്നത് .

ഒരു ദിവസം ഞാൻ എൻറെ വീട്ടുകാരുടെ കൂടെ വയനാട്ടിലെ ഞങ്ങളുടെ കുടുംബ വീട്ടിലേക്ക് ഒരു വിവാഹവുമായി ബന്ധപ്പെട്ട പോയി . ഞങ്ങൾ ഒരുപാട് പേരുണ്ടായിരുന്നു. യാത്ര വളരെ രസകരമായിരുന്നു യാത്രയിൽ കുറേ കുരങ്ങൻമാരെയൊക്കെ കാണാൻ സാധിച്ച നല്ല തണുപ്പുള്ള പ്രദേശമായിരുന്നു അത് അവിടത്തെ ഒരു പ്രത്യേകത അവിടെ ഒരു വീട്ടിലും ഫാൻ ഇല്ല എന്നതാണ് അവിടെ അതിൻറെ ആവശ്യം ഉണ്ടെന്ന് എനിക്ക് തോന്നിയില്ല.

ഇല്ല ഞങ്ങൾക്ക് താമസിക്കാനായി ആയി അവർ അവർ മറ്റൊരു വീട് ഏർപ്പാടാക്കിയിരുന്നു അവിടെ ഭക്ഷണം പാചകം ചെയ്യേണ്ടത് ഇല്ലായിരുന്നു . കഴിക്കാൻ അവരുടെ വീട്ടിലേക്ക് പോവുകയാണ് ഞങ്ങൾ ചെയ്തിരുന്നത് അത് മൂന്നു ദിവസം അവിടെ തങ്ങി അവിടേക്ക് പല ജീവികളും വരാറുണ്ട് അത്രേ കരടി ഒഴികെ എല്ലാ ജീവികളെയും അത് കേട്ടതിനു ശേഷം ഞാൻ ഒരുപാട് പേടിച്ചിരുന്നു

ഒരു ദിവസം ഞങ്ങൾ വൈകുന്നേരം ഭക്ഷണം കഴിക്കാൻ പോകുമ്പോൾ ആളുകളൊക്കെ ഇറങ്ങിയിട്ടുണ്ട് എന്ന് പറഞ്ഞു അത് പേടി വർദ്ധിക്കാൻ ഇടയായി പേടിച്ച പേടിച്ചാണ് ഞങ്ങൾ പോയത് അതിനിടയ്ക്കാണ് പണ്ടെന്നോ വിറക് പെറുക്കാൻ പോയ് പോയ ഒളിച്ചിരുന്ന് പോലും അവർ പറഞ്ഞത് അത് പിറ്റേദിവസം രാത്രിയിൽ ഞങ്ങളെല്ലാവരും ഉറങ്ങുന്ന നേരത്ത് പല ശബ്ദങ്ങളും കേട്ടിരുന്നു എൻറെ അമ്മയും ഉണർന്നു നോക്കുമ്പോൾ കാട്ടാന ഇറങ്ങിയിരിക്കുന്നു.

. .

**ഉപന്യാസം**

## മാഗസിനും വിദ്യാഭ്യാസവും

പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മാഗസിനുള്ള പങ്ക് നിസ്സാരമല്ല. വിദ്യാർത്ഥികളുടെ സർഗ്ഗാത്മകമായ കഴിവ് പ്രകടിപ്പിക്കുന്നതോടൊപ്പം പഠനപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും ലളിതമായി ഗ്രഹിക്കുന്നതിനും മാഗസിനുകൾ ഏറെ സഹായിക്കുന്നു.

**ഭാഷാ ബോധവും സംസ്കാരവും തമ്മിലുള്ള ബന്ധം രൂപപ്പെടുത്താൻ മാഗസിനുകൾ വളരെയധികം ഉപകാരപ്രദമാണ്. കുട്ടികളുടെ സർഗാത്മകത വിവിധ രൂപത്തിൽ ആവിഷ്കരിക്കാനും ഇത് പ്രയോജനപ്പെടുന്നു . സംസ്കാരം സമൂഹത്തിനു മുൻപിൽ ബോധ്യപ്പെടുത്തുക എന്ന ഒരു വലിയ ലക്ഷ്യം കൂടി ഇതിൽ ഉണ്ട്. പാഠപുസ്തകത്തിന് പുറത്തേക്ക് കുട്ടികളെ നയിച്ച പഠനപ്രവർത്തനങ്ങൾ അറിവ് വികസിപ്പിക്കുകയും അറിവിനെ ജീവിതവുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നതിൽ മാഗസിനുകളുടെ പങ്കു വളരെ വലുതാണ് . കലാപരമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ ഇതിലൂടെ സാധ്യമാകുന്നു.**

**സഹപഠനവും സംഘപഠനവും മൂലം കുട്ടികളുടെ ആത്മവിശ്വാസത്തിൽ ഉണ്ടാവുന്ന വളർച്ച മാഗസിനിലൂടെ നമുക്ക് നേടാവുന്നതാണ്. അന്വേഷണത്തിലൂടെ കുട്ടികൾ സ്വന്തമാക്കുന്ന അറിവുകൾ കൂട്ടുകയും ഗവേഷണ പഠനത്തിനുള്ള താല്പര്യം വർദ്ധിക്കുകയും ചെയ്യും . ഇതിനെല്ലാമപ്പുറം മാഗസിൻ ഓരോരുത്തരുടെയും കഴിവിനെയും അറിവിനെയും കുറിച്ചുള്ള വിലയിരുത്തൽ കൂടിയാണ്. ഒരു വിദ്യാർത്ഥിയെ അപേക്ഷിച്ച് അറിവ് സമ്പാദിക്കാനും സ്വയം വിലയിരുത്താനും ഒരു ശരിയായവഴി മാഗസിൻ തന്നെയാണ്.**

# ടിൻറുമോൻ മലയാളം ക്ലാസ്സിൽ



**ടിൻറുമോൻ :** **നമസ്തേ ടീച്ചർ  നമസ്തേ കുട്ടികൾ ഇരിക്കൂ ഇന്ന് നമുക്ക് ഗൃഹപാഠം എഴുതിയത് നോക്കാം                                എല്ലാവരും എഴുതിയില്ലേ**

**കുട്ടികൾ :** **എഴുതി ടീച്ചർ**

**ടിൻറുമോൻ:** **പുസ്തകം കൊണ്ടുവരൂ ടീച്ചർ നോക്കട്ടെ ,മിടുക്കൻ .(ടീച്ചർ പുസ്തകം മറിച്ചു നോക്കുന്നു .                     വിപരീതപദങ്ങളും ,പുല്ലിംഗ പദങ്ങളും      എഴുതിയതിൽ  പുല്ലിംഗവും, സ്ത്രീലിംഗവും ടീച്ചർ വായിക്കുന്നു).**

**പുല്ലിംഗം**

**മാതൃക :** **നരൻ- നാരി**

**ടിൻറുമോൻ**

നരൻ- നരി
പല്ലൻ- പല്ലി
ചട്ടൻ - ചട്ടി
മത്തൻ - മത്തി
വരൻ വരി
ചൂടൻ ചൂടി
കാളൻ കാളി
മട്ടൻ മട്ടി
കുട്ടൻ കുട്ടി
പൂതൻ പൂതി
കാലൻ കാലി

നോട്ടുപുസ്തകം നോക്കിയ ടീച്ചടീച്ചർ ടിൻറു വിനോട്:
തെറ്റായി എഴുതിയത് എല്ലാം അഞ്ച് തവണ വീതം എഴുതി നാളെ കാണിക്കണം.

ടിൻറുമോൻ : അതെന്തിനാ  ടീച്ചർ തെറ്റായി എഴുതിയത് അഞ്ചുതവണ എഴുതുന്നത് ?

ടീച്ചർ: നീയെഴുതിയത് മുഴുവൻ തെറ്റാണെന്ന് മനസ്സിലാക്കാൻ.



സി പി എ

# കുറ്റസമ്മതം



ഞാൻ വെറുമൊരു ഉരഗം .
ഇഴയുവാൻ മാത്രം അറിയാം .
കാതുകൾ എനിക്കില്ല ;
ഒന്നും കേൾക്കുവാൻ

കൈകൾ എനിക്കില്ല ;
ഒന്നിനെയും തട്ടി മാറ്റുവാൻ .
കാലുകൾ എനിക്കില്ല ;
ഒന്നും തൊഴിച്ചു തെറിപ്പിക്കുവാൻ.

പറയുവാൻ അറിയില്ല ;
നാക്കെനിക്കുണ്ടെങ്കിലും .
ഇരയെ പിടിച്ച് വായിൽ
ഒതുക്കുവാൻ വേണ്ടിയുള്ള പല്ലുകൾ ;
അതാണ് എൻറെ
ശക്തിയും, ശൗര്യവും ,

വേണമെന്നു കരുതിയല്ല
ഞാൻ കടിക്കുന്നതും .
ആത്മ രക്ഷക്കായുള്ള ഒരു
ഭാഗ്യം തന്നെയാണ്
ഈശ്വരൻ എനിക്കും തന്നതും.

ആരും എന്നെ
മനസ്സിലാക്കുന്നില്ല ...
ഇല്ല ഓടിരക്ഷപ്പെടാൻ ,
തട്ടി മാറ്റാൻ നിങ്ങൾ
മനുഷ്യർക്ക് കാലുകൾ
ഉണ്ടല്ലോ?

കൈകൾ ഉണ്ടല്ലോ ?
അത് വാ തുറന്നു പറയാൻ
നിങ്ങൾക്ക് ഉണ്ടല്ലോ
കഴിവ് ,വേണ്ടുവോളം .

അന്യരുടെ സങ്കടം കേൾക്കുവാൻ ഇല്ലേ ശരികളും വേണ്ടത്
ചെയ്യുവാൻ വിവേകവും ഉണ്ടല്ലോ ?!എന്നിട്ട് നിങ്ങൾ ഇങ്ങനെ!!!

സി പി എ

## അയ്യപ്പപ്പണിക്കർ

തലയറുത്തു കൊടുത്തു
ഞാനൊരു തൊപ്പി വാങ്ങിച്ചു.
ചെവി ചെത്തി കൊടുത്തു
ഞാനൊരു റേഡിയോ വാങ്ങിച്ചു
കൈകൾ വെട്ടി കൊടുത്തു
ഞാൻ ഒരു വാച്ച് വാങ്ങിച്ചു .
കാൽ മുറിച്ചു കൊടുത്തു
ഞാനൊരു ചെരുപ്പ് വാങ്ങിച്ചു.
എന്നെ തന്നെ കൊടുത്തു
ഞാൻ ഒരു വീട് വാങ്ങിച്ചു.
തൊപ്പിയിട്ട് , റേഡിയോ
വച്ച് , വിളക്കുകൊളുത്തി ,
വാച്ച് കെട്ടി , ചെരുപ്പുമിട്ട്
ഇന്നാ വീട്ടിലിരുന്ന്
ഞാനൊരു ചെറുകഥ വായിച്ചു
വായന ഇല്ലാതില്ലെന്ന-
തിലെഴുതിയിരിക്കുന്നു.

മനീഷ കെ കെ

# നാറാണത്ത് ഭ്രാന്തൻ

നാറാണത്ത് ഭ്രാന്തൻ
നാറാണത്തുണ്ടായിരുന്നു
നല്ലൊരു ഭ്രാന്തൻ  നട്ടപ്രാന്തൻ.
നല്ല കാലൊന്നുള്ളോൻ
മന്ത് കാലൊന്നുള്ളോൻ.
നല്ല കാലോണ്ട് നടക്കാത്തോൻ
മന്ത് കാലോണ്ട് നടക്കുമ്പോൾ
എന്തിതെന്നാരാനും ചോദിച്ചാലാഭ്രാന്തൻ
ഒരു തലക്കിരുകാല്വ വേണ്ടെന്നും
അത്തല നല്ലതാണെങ്കിൽ
മന്ത് കാൽ പോല്വമേ
ധാരാളമാണെന്നോതിട്ടും.
കാലിനു മന്തും തലക്ക് ഭ്രാന്ത് വരാത്തതെന്താണ്
കാരണമെന്ന് ചോദിക്കുകിൽ
കാലിന് ഭ്രാന്തും തലയ്ക്ക മന്തും
വരാതാകുവാനാണെന്നുമോതിട്ടും
നാറാണത്തു ഭ്രാന്തൻ
നല്ലൊരു ഭ്രാന്തൻ പഴമ്പ്രാന്തൻ
നല്ലൊരു ഭ്രാന്തൻ പെരുമ്പ്രാന്തൻ..

കുഞ്ഞുണ്ണി മാഷ്

മനീഷ കെ കെ

# വിവരസാങ്കേതികവിദ്യ

വിവരസാങ്കേതികവിദ്യയും , സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും നടത്തിപ്പും തിരിച്ചറിയപ്പെടാത്ത വിധം മാറ്റത്തിന് വിധേയമാവുന്നു .സർക്കാർ സ്ഥാപനങ്ങളിലും വകുപ്പുകളുടെ ഏകീകരണം ഉദ്ഗ്രഥന സാധ്യതകൾ മാറ്റിമറിച്ചുകൊണ്ടിരിക്കുന്നു . വ്യക്തിനിഷ്ഠവും സാമൂഹ്യവുമായ എല്ലാ ബന്ധങ്ങൾക്കും കൂട്ടായ്മയ്ക്കും പ്രവർത്തനങ്ങൾക്കും യഥാർത്ഥ ജീവിത മേഖലയ്ക്ക് അനുബന്ധമായും അതേസമയം സമാന്തരമായും പുതിയൊരു മാധ്യമം പുതിയൊരു വ്യവഹാര രംഗം തന്നെ സൈബർസ്പേസ് വിവരവിനിമയ ശൃംഖലയിലൂടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. മെച്ചപ്പെട്ട സൃഷ്ടിക്കായി വിവിധ ജനസമൂഹങ്ങളുടെ കൂട്ടായ്മയ്ക്ക് രൂപം നൽകാനുള്ള സാധ്യതയും ഒരുക്കിയിട്ടുണ്ട്. സാമൂഹ്യ സംഘടനകൾ ഈ മാറ്റം ഉൾക്കൊള്ളിച്ചിരിക്കുന്നു . സാങ്കേതികവിദ്യ സ്വീകരിക്കേണ്ടിയിരിക്കുന്നു . സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിലൂടെ സാങ്കേതിക വിദ്യയുടെ സാമൂഹ്യ-സാംസ്കാരിക രണം സാധ്യമാണ് .

## വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് സാങ്കേതികവിദ്യ സ്വാധീനം ചെലുത്തിയിരുന്നു. ഇന്ന് മിക്കവാറും വിദ്യാലയങ്ങൾ ഹൈടെക് ആണ് . കുട്ടികൾക്ക് കണ്ടുപഠിക്കാൻ പ്രൊജക്ടർ ലാപ്ടോപുകൾ , സ്പീക്കറുകൾ വെളിച്ചത്തിനായി ഫാനുകൾ , ലൈറ്റുകൾ മറ്റു ലാപ്ടോപ്പ് എന്നിങ്ങനെ എല്ലാ സാങ്കേതിക സംവിധാനങ്ങളും ഇപ്പോൾ ക്ലാസ് മുറികളിൽ ഉണ്ട് .

## ആരോഗ്യമേഖല

ആരോഗ്യമേഖലയിലും സാങ്കേതിക വിദ്യയുടെ സ്വാധീനം കാണാം. മനുഷ്യ ശരീരത്തിലെ ആന്തരിക ഭാഗങ്ങൾ പോലും വ്യക്തമായി കാണത്തക്ക രീതിയിലുള്ള സാങ്കേതിക സംവിധാനങ്ങൾ ഇന്ന് നിലവിലുണ്ട്.

## വാർത്താവിനിമയം

വാർത്താവിനിമയ മേഖലയിൽ ഇന്ന് സാങ്കേതിക വിദ്യയുടെ സ്വാധീനം കാണാം റേഡിയോയുടെ കേട്ടുകൊണ്ടിരുന്ന വാർത്തകളും മറ്റു വിവരങ്ങളും എന്ന ടിവിയിലൂടെ നേരിട്ട് കണ്ട് ആസ്വദിക്കുന്നു

നയന 10 B

# സോഷ്യൽ മീഡിയ

**ആമുഖം**

ആധുനിക ലോകത്ത് ഇന്ന് ഏറ്റവും കൂടുതൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് സോഷ്യൽ മീഡിയ . ലോകം ഇപ്പോൾ സാങ്കേതിക വിദ്യയുടെ വിരൽത്തുമ്പിൽ ആണ് ലോകം ഇന്ന് ഏറ്റവും കൂടുതൽ പുരോഗതിയുടെ പാതയിൽ ആയതും സോഷ്യൽ മീഡിയയിലൂടെ തന്നെയാണ്. എന്നാൽ സോഷ്യൽ മീഡിയയിലൂടെ ഗുണഫലങ്ങളും ദോഷഫലങ്ങളും ഉണ്ടാകാറുണ്ട് . സോഷ്യൽ മീഡിയയുടെ ഗുണങ്ങൾ ഏറെയാണ് .ലോകം ഇത്തരത്തിൽ പുരോഗതി കൈവരിച്ചത് അഭിമാനാർ ഹമാണ് .ജനങ്ങളെ തെറ്റായ വഴികളിലേക്ക് നയിച്ചുകൊണ്ടിരിക്കുന്ന സോഷ്യൽ മീഡിയ യുടെ ദോഷഫലങ്ങൾ ഒരു സമൂഹം തന്നെ ഇല്ലാതായി കൊണ്ടിരിക്കുന്ന സോഷ്യൽ മീഡിയ ദോഷഫലങ്ങൾ ആണ് നാം ഇവിടെ ചർച്ച ചെയ്യുന്നത്.

## സോഷ്യൽ മീഡിയയുടെ ദോഷ ഫലങ്ങൾ

.ഉൽക്കണ്ട രോഗം

ഭീഷണിപ്പെടുത്തൽഉറക്കക്കുറവ്.

അനാവശ്യമായ ഭയം അഭിവാജ്യ ലോകം

സ്വയംകുറ്റപ്പെടുത്തുക

**ഉൽക്കണ്ഠാരോഗം**

സോഷ്യൽ മീഡിയ നമ്മുടെ മാനസികനിലയെ വളരെയധികം സ്വാധീനിക്കുന്നുണ്ട് സോഷ്യൽ മീഡിയയുടെ അമിതമായ ഉപയോഗം നമ്മുടെ തലച്ചോറിനെ ചിലപ്പോൾ ദോഷകരമായി ബാധിച്ചേക്കാം ഇന്നത്തെക്കാലത്ത് അധികപേരും യൂട്യൂബ് ഫേസ്ബുക്ക് എന്നിവയിലൂടെ ജീവിക്കുന്നവരാണ് എത്ര ഫോട്ടോകൾ പോസ്റ്റ് ചെയ്തിട്ടുണ്ട് എത്ര ലൈക്ക് ഇട്ടിട്ടുണ്ട് എത്ര കമൻറ് ചെയ്തിട്ടുണ്ട് എന്നൊക്കെയാണ് ഇന്നത്തെ ചർച്ചാ വിഷയങ്ങൾ ഇതെല്ലാം കണ്ടു ആസ്വദിച്ച് സമയം തള്ളി നീക്കുന്ന വരാണ് ഇന്ന്.

**ഭീഷണിപെടുത്തൽ**

നമ്മുടെ മുന്നിൽ വന്ന ഒരാൾ നമുക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങൾ നമ്മെ കുറിച്ച് പറയുകയോ പ്രവർത്തിക്കുകയോ ചെയ്താൽ നമുക്ക് അയാളുടെ മറുപടി പറയാൻ കഴിയും എന്നാൽ സോഷ്യൽ മീഡിയയിൽ തെറ്റായ അക്കൗണ്ട് ഉള്ളവരാണ് മിക്കവാറും ഇത്തരം പ്രവണതകൾ ആരാണ് ചെയ്യുന്നത് എന്ന മനസ്സിലാക്കുക അ നമുക്ക് പ്രയാസകരമാണ്. അതുകൊണ്ട് തന്നെ പരസ്പരം ചാറ്റിങ്ങിൽ ഏർപ്പെടുന്ന ആളുകൾ തമ്മിലുള്ള സംഘടനകളും മറ്റും ഒടുവിൽ ഭാഗമായി അത് ഭീഷണികളുടെ വക്കിൽ എത്തിച്ചേരാറുണ്ട് ഇത്തരം ഭീഷണികൾ വലിയ വിവാദങ്ങൾ പോലീസ് നടപടികൾ വരെ ക്ഷണിച്ചുവരുത്തുന്നതാണ്

തുടർച്ച

ഫോം ഓഫ് ഇന്നത്തെ കാലത്ത് ഇത് എല്ലാവർക്കും അറിയുന്ന ഒന്നാണ് . അത് അറിയാത്തതായി ഇന്ന് ആരും ഉണ്ടാകില്ല .

- നല്ല പ്രശസ്തരായ രണ്ട് ആളുകളുടെ ഫോട്ടോകൾ നമ്മളോടൊപ്പം പോസ്റ്റ് ചെയ്യുകയാണ് . ഇതിൽ ആർക്ക് കൂടുതൽ കമൻറ് കിട്ടുന്ന ആർക്കാണ് കൂടുതൽ കിട്ടുന്നത് ഇവയെല്ലാം അവരുടെ മാനസിക നിലയെ ബാധിച്ചേക്കാം
- സോഷ്യൽ മീഡിയയിൽ നിന്ന നിന്നും ലഭിച്ച ബന്ധങ്ങളിൽ ചില നേരങ്ങളിൽ അവർ നമ്മെ പരിഗണിക്കുന്നില്ല ഇല്ല ഇങ്ങനെയുള്ള കാര്യങ്ങൾ ഞങ്ങൾ നമ്മൾ അവരെ മിസ്സ് ചെയ്യുന്ന എന്ന് ഒരു തെറ്റായ ലോകത്തേക്ക് നമ്മളെ കൊണ്ടുവരുന്ന ഇതിനെ എന്നാണ് പഠനങ്ങൾ പറയുന്നത് ഓഫ് മിസ്സിംഗ് ഔട്ട് ഇങ്ങനെയുള്ള കാര്യങ്ങൾ നമ്മുടെ മാനസികനില താറുമാറാക്കുന്ന

**അഭിവാജ്യ ലോകം**

സോഷ്യൽ മീഡിയ നമുക്ക് തരുന്നത് മുഴുവമ യഥാർത്ഥമല്ല ഒരു സാങ്കൽപ്പിക ലോകമാണ് നമ്മുടെ ഇന്നത്തെ കാലത്ത് വെച്ച് നോക്കിയാൽ നമ്മുടെ തൊട്ടടുത്ത വീട്ടിലുള്ള വരെ അറിയില്ല അല്ലെങ്കിൽ നമ്മുടെ സ്കൂളിൽ പഠിക്കുന്നകുട്ടികൾ നമുക്ക് അറിയില്ലായിരിക്കും ഓഫീസിൽ ഉള്ള ആളുകളെ നമുക്ക് അറിയില്ലായിരിക്കും സോഷ്യൽ മീഡിയയിലൂടെ ലഭിക്കുന്ന പലരും നമുക്ക് വളരെ പരിമിതം ഉള്ളവരായിരുന്ന അവിടെ ഉണ്ടാവുന്നത് ശരിക്കും നമ്മൾ വിചാരിക്കാത്ത പല രോഗങ്ങളും ആണ്. സോഷ്യൽ മീഡിയയിലൂടെ നമുക്ക് ലഭിക്കുന്ന ലോകം എന്നതു ഒട്ടും ശരിയല്ല നല്ലതല്ലാത്ത ഒന്നിനെയാണ് നമ്മൾ ഒന്നും കേൾക്കാൻ ആഗ്രഹിക്കാത്ത പല കാര്യങ്ങളും നമുക്ക് സോഷ്യൽ മീഡിയയിലൂടെ ലഭിക്കുന്നുണ്ട്

10 C വിദ്യാർത്ഥികൾ

## ഇൻസ്റ്റാഗ്രാം

ഇന്ന് ലോകമെമ്പാടുമായി 100 കോടിയിലധികം പേർ ഉപയോഗിക്കുന്ന ഒരു സോഷ്യൽ മീഡിയയയാണ് ഇൻസ്റ്റാഗ്രാം. ഐജി അഥവാ ഇൻസ്റ്റാ എന്നെല്ലാം അറിയപ്പെടുന്ന ഇൻസ്റ്റാഗ്രാം 2010ലാണ് രണ്ട് പേർ കൂടി തുടങ്ങുന്നത്. നിലവിൽ മറ്റൊരു സോഷ്യൽ മീഡിയ ഫേസ്ബുക്കിൻെറ ഉടമസ്ഥതയിലാണ് ഇൻസ്റ്റാഗ്രാം.

ഗുണങ്ങൾ

നിരവധി പേരുമായി ചാറ്റ് ചെയ്യാം

നിരവധി പേരുമായി സൗഹൃദം പങ്കു വയ്ക്കാം

അലസത  ഒഴിവാക്കാം

നമ്മുടെ ഫോട്ടോകളും വീഡിയോകളും പങ്കുവെക്കാം.

അഖിൽ 10 D

## കുഞ്ഞു വരകൾ






പ്ലൂട്ടോയെ ഗ്രഹമായി
തന്നെ കാണണമെന്ന് നാസ.!!!
ആഗ്രഹമില്ലാഞ്ഞിട്ടല്ല , അതുകൂടി
പഠിക്കണമെന്നോർക്കുമ്പോഴാണ്....

ഹസ്ന ജാസ്മിൻ 8 A

പ്രൊജക്ട്

## ഇൻററ്നെറ്റ് തലമുറ

**ആമുഖം**

നമ്മൾ ഇപ്പോൾ ജീവിക്കുന്നത് ഇൻററ്നെറ്റ് ഉപയോഗിക്കുന്ന തലമുറയുടെ കൂടെയാണ് ഇൻററ്നെറ്റ് കൊണ്ട് അസാധാരണമായി ഒന്നുമില്ല എന്ന് തെളിയിക്കപ്പെടുന്ന ലോകത്താണ് ഇൻററ്നെറ്റ് മൂലം സാങ്കേതികവിദ്യ മെച്ചപ്പെട്ടിട്ടുണ്ട് സാങ്കേതികവിദ്യയുടെയും ഉപയോഗമില്ലാത്ത ഒരു പ്രവർത്തനവും ഒരു വസ്തുവും ഇക്കാലത്ത് ആകാശ വിക്ഷേപണങ്ങൾ ക്കും ഉപയോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് സാങ്കേതികവിദ്യയുടെ സഹായത്തോടെ 2019 ഇന്ത്യ കൈവരിച്ച ഒരു നേട്ടമാണ് ചന്ദ്രൻ ഉപയോഗപ്പെടുത്തി നിരവധി ആകാശ വിക്ഷേപണങ്ങൾ നടത്തിയിട്ടുണ്ട് വിക്ഷേപണങ്ങൾ വാസയോഗ്യമായ ഗ്രഹങ്ങളെ തിരിച്ചറിയാനും. ഗ്രഹങ്ങളെ കുറിച്ചും സൗരയൂഥത്തെ കുറിച്ചും പഠിക്കുവാനും അറിയുവാനും നമുക്ക് അതിലൂടെ സാധിച്ചിട്ടുണ്ട് സാങ്കേതികവിദ്യയുടെ സഹായത്താൽ മനുഷ്യൻ ചന്ദ്രനിൽ കീഴ്പെടുത്തുകയും അതിനെ കുറിച്ച് അറിയാനും പഠിക്കാനും നമുക്ക് സാധിച്ചു അപ്പോഴാണ് നാം ജൂലൈ 21 ചാന്ദ്രദിനം ആയി ഇപ്പോഴും ആചരിക്കുന്നത്.

**വിഷയാവതരണം**

സാങ്കേതികവിദ്യ ഉപയോഗമില്ലാത്ത എന്തെങ്കിലും ഉണ്ടോ എന്ന് ചോദിച്ചാൽ അതിന് ഉത്തരമില്ല സാങ്കേതിക വിദ്യയുടെ ഉപയോഗം എല്ലാ ജോലികൾക്കും ഉപയോഗിക്കുന്നു.

ആത്മാർത്ഥവിക്ഷേപണങ്ങൾ മനുഷ്യന് മറ്റു പല പ്രവർത്തനങ്ങൾക്കും സഹായകരമാണ് ആകാശ വിക്ഷേപണങ്ങൾ പോലെ മറ്റു പ്രവർത്തനങ്ങൾക്കും സാങ്കേതികവിദ്യ സഹായകരമാണ് ഇതുമൂലം മനുഷ്യർക്ക് ഏറെ ഉപകാരപ്രദമാകുന്ന പല പ്രവർത്തനങ്ങൾക്കും സാധ്യമാണ് സാങ്കേതികവിദ്യ മനുഷ്യ ജീവിതത്തിൽ ഒരിക്കലും ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ഘടകമായി മാറിയിരിക്കുന്നു.

ആകാശ വിഷയങ്ങൾ കൊണ്ട് മനുഷ്യർക്ക് എന്തെല്ലാം പ്രയോജനങ്ങളുണ്ട് എന്ന് പരിശോധിക്കാം.

റോക്കറ്റുകളുടെ ആവശ്യകത.

ആകാശ വിക്ഷേപണങ്ങളിൽ മുഖ്യപങ്കം നിർവഹിക്കുന്നത് റോക്കറ്റുകൾ ആണ് മാർക്കറ്റുകൾ ആകാശത്തിൽ നിക്ഷേപിക്കുകയും കാലാവസ്ഥ പഠന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് സഹായകമാവുകയും ചെയ്യുന്നു നിർമ്മാണം മൂലം കൂടുതൽ ജനങ്ങൾ ജോലി സാധ്യത കൂടുന്നു ഇതുമൂലം മനുഷ്യർക്ക് ഏറെ പ്രയോജനം ഉണ്ടാവുമെന്ന് പഠനങ്ങൾക്ക് മറ്റു ആവശ്യങ്ങൾക്കും ഇവ പ്രയോജനപ്രദമാണ്.

**കച്ചവടം**

കേരളത്തിലെ ഒരു മുഖ്യ കച്ചവടമാണ് മത്സ്യബന്ധനം കേരളീയർ അധികവും ജോലിയിൽ ഏർപ്പെട്ടിരിക്കുന്നത് മത്സ്യബന്ധനത്തിൽ ആണ് മുകളിൽ ഒരു പ്രയോജനപ്രദമായ ഒന്നാണ് കാലാവസ്ഥയെ കുറിച്ച് അറിയാൻ കഴിയുക. അടി ശക്തമായ മഴയുള്ളപ്പോൾ മത്സ്യബന്ധനം തടസ്സപ്പെടുന്ന കുറിച്ചുള്ള മുൻകൂർ സാധ്യതകൾ അറിയിക്കുവാൻ ഉപഗ്രഹങ്ങൾക്ക് സാധിക്കും ഇവരുടെ ജീവനും സ്വത്തിനും പെടാതിരിക്കാൻ ഏറെ സഹായകരമാണ്.

**ഉപസംഹാരം**

തീർച്ചയായും ഇന്ത്യൻ ശാസ്ത്രജ്ഞൻ അഭിനന്ദനങ്ങൾ അറിയിക്കുന്ന പാവങ്ങൾ പട്ടിണി കിടക്കുമ്പോൾ ശൂന്യാകാശത്തിൽ റോക്കറ്റിന് കളിക്കുകയാണ് എന്ന പരിഹാസ വാക്കുകൾക്കതീതമാണ് നമ്മുടെ ശാസ്ത്രീയമായ കണ്ടെത്തലുകൾ. ലക്ഷ്യബോധമുള്ള നേതൃത്വവും പതിറ്റാണ്ടുകൾ നീണ്ട കഠിന പരീക്ഷണങ്ങളും നിരീക്ഷണങ്ങളും എല്ലാം ശാസ്ത്രജ്ഞർക്ക് കൃത്യമായ അടിത്തറ നൽകിയിട്ടുണ്ട്.

ചരിത്രങ്ങൾ ഞങ്ങൾ മനസ്സിലാക്കാൻ മാത്രമല്ല ഭാവി കാര്യങ്ങൾ മനസ്സിലാക്കാനും ഇതുകൊണ്ട് പ്രയോജനമുണ്ട് കേരളത്തിലെ ഗ്രാമങ്ങളുടെയും നഗരങ്ങളുടെയും ജലവിനിയോഗം ജലത്തിൻറെ ഒഴുക്ക് പ്രകൃതിയുടെ അവസ്ഥയും വ്യവസ്ഥയും അപകടങ്ങളുടെ സാധ്യത കാലാവസ്ഥാ വ്യതിയാനത്തിന് സാധ്യതകൾ എന്നിവയെല്ലാം എല്ലാം ഉൾപ്പെടുത്തി കാര്യങ്ങൾ തീരുമാനിച്ചാൽ മാത്രമേ നമുക്ക് സുസ്ഥിര വികസനം സാധ്യമാകൂ.

അഫീഫ കെ 10 B

---

## ഇംഗ്ലണ്ടിൽ പോയ കോട്ട്



ഇംഗ്ലണ്ടിൽ പോയ കോട്ട്
ഇനി നിനക്കും പറയാം അയാം എൻറെ കോട്ട് ഇംഗ്ലണ്ടിൽ പോയി വന്നതാണെന്ന്...




സുവർണ്ണ കെ 8 എ




പൂർണിമ കെ

# ഗാലറി














A "Seminar on
"STUDY SKILLS"
taken by
Sri ANSHAD KOLATHUR
നൈതികം 2019






# വിദ്യാ ദീപം

## സാ വിദ്യേ മുക്തേ..

إقرأ باسم ربك الذي خلق

വിദ്യാ ധനം സർവ്വ ധനാൽ പ്രധാനം

# നൈതികം

## ഭരണഘടനാ സംസ്ഥാപനം




# നൈതികം

## (കുട്ടികളുടെ ഭരണഘടന)

## ഗവ.ഹയർസെക്കന്ററി സ്കൂൾ
## ചുണ്ടമ്പറ്റ





# നൈതികം

## കുട്ടികളുടെ ഭരണഘടന

GHSS CHUNDAMBATTA

# യാത്ര

## അവകാശങ്ങൾ

- സുരക്ഷിതമായി യാത്ര ചെയ്യാനുള്ള അവകാശം
- ജാതി മത വർഗ്ഗ വർണ്ണ ചിന്തകൾക്കതീതമായി യാത്ര ചെയ്യാനുള്ള അവകാശം
- യാത്രയിൽ മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നും സംരക്ഷണത്തിനും പരിചരണത്തിനും ഉള്ള അവകാശം
- സ്വതന്ത്രമായി യാത്ര ചെയ്യാനുള്ള അവകാശം
- സ്കൂൾകുട്ടികൾക്ക് കുറഞ്ഞ നിരക്കിലുള്ള യാത്രാസൗകര്യത്തിനുള്ള അവകാശം
- പൊതു വാഹനങ്ങളിൽ യാത്ര ചെയ്യുമ്പോൾ വിദ്യാർഥികൾക്ക് പരിഗണന നൽകുക
- ഏതു സമയത്തും യാത്ര ചെയ്യുന്നതിനുള്ള അവകാശം
- ഇന്ത്യാ ഗവൺമെൻറ് അനുവാദമുള്ള ഏതൊരു സ്ഥലത്തും നിർഭയമായി സഞ്ചരിക്കാനുള്ള അവകാശം
- പൊതുഗതാഗത സൗകര്യം ഒരുക്കണം
- വിദ്യാർഥികൾക്കും മുതിർന്നവർക്കും തുല്യമായ അവകാശം

നൈതികം

# കടമകൾ

- യാത്ര ചെയ്യുമ്പോൾ ട്രാഫിക് നിയമങ്ങൾ പാലിക്കുക
- അംഗവൈകല്യമുള്ളവർക്ക് പ്രത്യേക പരിഗണന നൽകുക
- യാത്രാവേളകളിൽ പരിസരം മലിനമാക്കാതിരിക്കുക
- മറ്റു യാത്രക്കാർക്ക് ശല്യമാകുന്ന വിധത്തിലുള്ള ആശയവിനിമയവും ലഹരി വസ്തുക്കളുടെ ഉപയോഗവും ഒഴിവാക്കുക
- ചരിത്രസ്മാരകങ്ങളും ഉറവിടങ്ങളും വികൃതമാക്കുകയും അവയുടെമേൽ വരയ്ക്കുകയോ എഴുതുകയോ പോസ്റ്റർ പതിക്കുകയോ ചെയ്യുന്നവരെ ബോധവൽക്കരിക്കുക
- മുതിർന്നവർക്കും കൈക്കുഞ്ഞുമായി വരുന്ന അമ്മമാർക്കും പ്രത്യേക പരിഗണന നൽകുക
- മറ്റുള്ള യാത്രക്കാർക്ക് അസൗകര്യം കൂടാതെ യാത്ര ചെയ്യാനുള്ള സൗകര്യം ഒരുക്കി കൊടുക്കുക
- പൊതു മുതലുകൾ നശിപ്പിക്കാതിരിക്കുക
- മാന്യമായ രീതിയിൽ യാത്ര ചെയ്യുക

- **പ്രായപൂർത്തിയാകാതെ വാഹനം ഓടിക്കാതിരിക്കുക**

നൈതികം

# വിദ്യാലയം

## അവകാശങ്ങൾ

- 6 വയസ്സ് മുതൽ 14 വയസ്സ് വരെയുള്ള സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം
- അധ്യാപകരോടും മറ്റു വിദ്യാർത്ഥികളോടുള്ള അനുസരണയും ബഹുമാനവും
- മികച്ച വിദ്യാഭ്യാസം നേടാനുള്ള അവകാശം
- സ്വന്തം കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവകാശം
- അദ്ധ്യാപകരിൽ നിന്നുള്ള ചൂഷണത്തിനെതിരെ പ്രതികരിക്കാൻ ഉള്ള അവകാശം
- ജാതി മത വർഗ്ഗ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനും ഉള്ള അവകാശം
- സംസാരത്തിനും ആശയ പ്രകടനത്തിനുള്ള അവകാശം
- വൃത്തിയും ശുചിത്വവും ഉള്ള ശുചിമുറി സൗകര്യം
- സ്കൂളിലെ എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള അവകാശം
- സ്കൂളിലെ അനുയോജ്യമല്ലാത്ത രീതിയിൽ എന്തെങ്കിലും കാണാൻ ഇടയായാൽ ഹെഡ്മാസ്റ്ററെ അറിക്കുന്നതിനുള്ള അവകാശം
- അധ്യാപകരിൽ നിന്നും മാന്യമായ പെരുമാറ്റം

നൈതികം

# കടമകൾ

- വിദ്യാർഥികൾക്കിടയിൽ സൗഹാർദവും ഐക്യവും വളർത്തുക
- സ്കൂളിന്റെ  അഭിമാനത്തിന് കോട്ടം വരുത്തുന്ന ഒന്നും ചെയ്യാതിരിക്കുക
- പരമാവധി പ്ലാസ്റ്റിക് ഒഴിവാക്കാൻ ശ്രമിക്കുക
- സ്കൂളിനെ ലഹരിവിമുക്ത മാക്കുക
- അംഗവൈകല്യമുള്ള കുട്ടികളുടെ അവകാശങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക
- ജാതി മത വർഗ്ഗ വ്യത്യാസം കാണിക്കാതിരിക്കുക
- സ്കൂൾ യൂണിഫോം നിർബന്ധമായും ധരിക്കുക
- സംശയാസ്പദമായി അപരിചിതരെ കാണാൻ വന്നാൽ സ്കൂളിൽ അറിയിക്കുക
- സ്കൂളിനെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുക
- സ്കൂളിലും പഠന പ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക
- വിദ്യാർത്ഥികളിൽ നിന്നും മികച്ച വിജയം സ്കൂളിന് നേടി കൊടുക്കുക
- **സ്കൂൾ പൊതു സംവിധാനങ്ങൾ ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവ നശിപ്പിക്കാതിരിക്കുക**

നൈതികം

# വീട്

## അവകാശങ്ങൾ

- വ്യക്തിക്ക് ആവശ്യമായ വസ്ത്രം മെച്ചപ്പെട്ട ചികിത്സ താമസസൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക
- സംസാരത്തിനും തന്റെതായ ആശയ പ്രകടനത്തിനുള്ള സ്വാതന്ത്ര്യം
- സ്ത്രീ പുരുഷ വേർതിരിവില്ലാതെ എല്ലാവർക്കും തുല്യമായ പരിഗണനയും സ്നേഹവും നൽകുക
- വീട്ടിലെ അംഗങ്ങൾ മറ്റുള്ളവരുമായി താരതമ്യം ചെയ്യാതിരിക്കാനും സമത്വം ഉറപ്പിക്കാനും ഉള്ള അവകാശം
- മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും തനിക്കിഷ്ടപ്പെട്ട മേഖലകളിൽ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം
- ആരോഗ്യം മെച്ചപ്പെടുത്താനുള്ള പോഷകാഹാരങ്ങൾ ഉറപ്പാക്കുക
- കുടുംബാംഗങ്ങളിൽ നിന്നുള്ള ചൂഷണങ്ങളിൽ നിന്നും സുരക്ഷിതത്വം നേടാനും അനീതികളോട്ടും പ്രതികരിക്കാനുമുള്ള അവകാശം
- നല്ല പെരുമാറ്റവും സംസ്കാരവും സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം
- കായിക പ്രവർത്തനങ്ങളിലും മറ്റു വിനോദങ്ങളിലും ഏർപ്പെടാനുള്ള സ്വാതന്ത്ര്യം
- മേൽപ്പറഞ്ഞ അവകാശങ്ങൾ നിഷേധിക്കാതിരിക്കാനുള്ള സ്വാതന്ത്ര്യം

നൈതികം

# കടമകൾ

- കുടുംബാംഗങ്ങളോട് സ്നേഹത്തോടെയും ബഹുമാനത്തോടെയും പെരുമാറുക
- വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക
- വൃദ്ധരെയും രോഗികളെയും പരിചരിക്കുകയും സ്നേഹത്തോടെ പെരുമാറുകയും ചെയ്യുക
- വീട്ടിലെ മറ്റുള്ളവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിക്കുക
- ലഹരി വസ്തുക്കളിൽ നിന്നും മുക്തിനേടുക
- വീടുകളിൽ അച്ചടക്കം പാലിക്കുക
- പരസ്പര പരസ്പര സഹകരണം ഉറപ്പുവരുത്തുക
- മുതിർന്നവരെ അനുസരിക്കുക
- മറ്റുള്ളവരുടെ അവകാശങ്ങളെ ബഹുമാനിക്കുകയും തൻറെ അവകാശങ്ങളെ ചൂഷണം ചെയ്യാതെ സംരക്ഷിക്കുകയും ചെയ്യുക
  - **വിദ്യാഭ്യാസം തുടങ്ങിയ അവകാശങ്ങൾ മെച്ചപ്പെട്ട രീതിയിൽ ഉപയോഗപ്പെടുത്തുക**

# പൊതുസ്ഥലം

## അവകാശങ്ങൾ

- പൊതുസ്ഥലങ്ങളിൽ താൽപ്പര്യത്തോടെ വസ്ത്രം ധരിക്കാനും സഞ്ചരിക്കാനും സംസാരിക്കാനുള്ള അവകാശം
  പൊതുഇടങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കാനുള്ള അവകാശം
- ജാതി മത വർഗ്ഗ വർണ്ണ ലിംഗ ചിന്തകൾക്കതീതമായി പൊതുഇടങ്ങളിൽ അംഗീകരിക്കപ്പെടാൻ ഉള്ള അവകാശം
- പൊതുവിടങ്ങളിൽ ചാലയം ലിസ്റ്റ് ബാസ്കറ്റ് എന്നിവ നിർമ്മിക്കുക
- മറ്റുള്ളവരുടെ ആക്രമണങ്ങളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും ഉള്ള സംരക്ഷണം
- പൊതുസ്ഥലങ്ങളിൽ കുടിവെള്ള പ്ലാൻറ് സ്ഥാപിക്കുക
- പൊതു ഇടങ്ങളിൽ അന്തരീക്ഷ മലിനീകരണമുള്ള വാഹനങ്ങളും മറ്റും ഉപയോഗിക്കാതിരിക്കുക
- പൊതുസ്ഥലങ്ങളിൽ യാത്രചെയ്യുന്നവർക്ക് വിശ്രമിക്കാനുള്ള സ്ഥലങ്ങൾ നിർമ്മിക്കുക
- പൊതുഇടങ്ങളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുക
- പൊതുഇടങ്ങളിൽ കച്ചവടം ചെയ്യാനുള്ള അവകാശം

നൈതികം

# കടമകൾ

- പൊതുഇടങ്ങളിൽ ലഹരി വസ്തുക്കളും മറ്റും അനാരോഗ്യകരമായ വസ്തുക്കളും ഉപയോഗിക്കാതിരിക്കുക
- പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കാതിരിക്കുകയും നിക്ഷേപിക്കപ്പെട്ട മാലിന്യങ്ങൾ അനുയോജ്യമായ രീതിയിൽ സംസ്കരിക്കുകയും ചെയ്യുക
- ചരിത്രസ്മാരകങ്ങളും മറ്റു ഗവൺമെന്റിന്റെ പൊതുസ്ഥലങ്ങളും സംരക്ഷിക്കുകയും നശിപ്പിക്കാതിരിക്കുകയും ചെയ്യുക
- പൊതുസ്ഥലങ്ങളിലെ ആളുകളോട് മാന്യമായി പെരുമാറുക
- പൊതുഇടങ്ങളിൽ തുപ്പാതിരിക്കുക
- പൊതുഇടങ്ങൾ വൃത്തിയായി സൂക്ഷിക്കുക
- പൊതുഇടങ്ങളിലെ മരങ്ങളും ചെടികളും സംരക്ഷിക്കുക
- **പൊതുഇടങ്ങളിൽ വൃദ്ധരേയും വികലാംഗരുടെയും സഹായിക്കുക**

**പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുക**

നൈതികം


GHSS
GHSS
"STUDY SKILLS"

നന്ദിയോടെ...

ലിറ്റിൽ കൈറ്റ്സ്

ജി.എച്ച്എസ്എസ്
ചുണ്ടമ്പറ്റ

# ഐടി കൂട്ടായ്മ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ

@ ചമത

little KITEs

ജിഎച്ച്എസ്എസ്
ചുണ്ടമ്പറ്റ